# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിയന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 4
-1184/ 2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 11/09/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 4 -1184/ 2025 തീയ്യതി: 11/09/2025

# കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേഡ്) | 07-07-2025 | 14-07-2025 |
| ശ്രീമതി ബീനാകുമാരി സി.ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-07-2025 | 17-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രസാദ്.പി.ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീ.സുമേഷ്.പി.വി, അസി.ഓഡിറ്റ് ഓഫീസർ
കുമാരി.സജിമോൾ.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജോഷി തോമസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സജേഷ് ശശി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.തോമസ്.ടി.പുൽത്തകിടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 27-04-2024 |
| ശ്രീമതി.ജിജി.റ്റി | സെക്രട്ടറി | 28-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.റിനു രാജ് | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2024 | 31-10-2024 |
| ഡോ.ശ്രീലേഖ.റ്റി | മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി,വെളിയന്നൂർ | 01-11-2024 | 31-03-2025 |
| ശ്രീമതി.സൗമ്യ സെബാസ്റ്റ്യൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.പ്രവീണ ബാബു | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ.ബോബി തോമസ് | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, പൂവക്കുളം | 01-04-2024 | 31-03-2025 |
| ശ്രീ.ജെറോം.വി.കുര്യൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ഹോസ്പിറ്റൽ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.വിഷ്ണുപ്രിയ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അശ്വതി.വി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുതുവേലി | 01-04-2024 | 31-03-2025 |
| ശ്രീമതി.അശ്വതി.വി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയന്നൂർ | 01-04-2024 | 09-09-2024 |
| ശ്രീ.കപിൽ.കെ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,വെളിയന്നൂർ | 10-09-2024 | 31-03-2025 |
| ശ്രീമതി.മിലിമോൾ ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ, വെളിയന്നൂർഗ്രാമപഞ്ചായത്ത് | 01-04-2024 | 31-03-2025 |
| ശ്രീമതി.സാനി ജോർജ് | കൃഷി ഓഫീസർ , കൃഷിഭവൻ വെളിയന്നൂർ | 01-04-2024 | 18-12-2024 |
| ശ്രീ.നിതീഷ് ബാബു.എം | കൃഷി ഓഫീസർ, കൃഷിഭവൻ വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 19-12-2024 | 05-01-2025 |
| ശ്രീമതി.മിനു മരിയ ഐസക് | കൃഷി ഓഫീസർ , കൃഷിഭവൻ വെളിയന്നൂർ | 06-01-2025 | 31-03-2025 |
| ശ്രീ. തോമസ് ടി. പുൽത്തകിടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.പ്ലസന്റ ജോയ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി വെളിയന്നൂർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | Roads & Bridges ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിച്ചു | 1-1-4 |
| 6 | വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | Prior Period Expenditure , Prior Period Income തുകകളുടെ ക്രമീകരണം സംബന്ധിച്ച നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | വാർഷിക കണക്ക് പ്രകാരമുള്ള വായ്പാ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | റിഡംപ്ഷൻ തുക - മുൻവർഷ തുക ഒഴിവാക്കിയിരിക്കുന്നു. | 1-1-8 |
| 10 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് വിശകലനം | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | വാർഷിക പദ്ധതിയവലോകനം. | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി . | 1-6 |
| 16 | സാമൂഹ്യ സുരക്ഷാപദ്ധതികൾ | 1-7 |
| 17 | ക്യാഷ്ബാലൻസ് പരിശോധന. | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ അപാകത. | 1-11 |
| 21 | ഓഡിറ്റ് ഇംപാക്റ്റ് - കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ചു. | 1-12 |
| 22 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി കുറവായി നിർണയിച്ചു | 1-13 |
| 23 | വാടക - അപാകതകൾ | 1-14 |
| 24 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ട് - തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല. | 1-15 |
| 25 | പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരം-നടപടികൾ സ്വീകരിച്ചില്ല | 1-16 |
| 26 | വരൾച്ചാ ദുരിതാശ്വാസപ്രവർത്തനം - നിർദ്ദേശം പാലിച്ചില്ല. | 1-17 |
| 27 | ബഡ്സ് സ്കൂളിന് അനുബന്ധസേവനങ്ങൾ - സ്പെഷ്യൽ സ്കൂൾ ഗ്രാന്റ് ചെലവഴിച്ചിട്ടില്ല. | 1-18 |
| 28 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-19 |
| 29 | വാനപ്രസ്ഥ ഓൾഡേജ് ഹോം-അന്യാധീനപ്പെട്ട നിലയിൽ. | 1-20 |
| 30 | പുതുവേലി ഗവ.ഹൈസ്കൂളിന് നിർമ്മിച്ച കഞ്ഞിപ്പുര -സ്കൂളിന് വിട്ടുനൽകിയില്ല. | 1-21 |
| 31 | പുതുവേലി മിനിസ്റ്റേഡിയം-മതിയായ സംരക്ഷണമില്ല. | 1-22 |
| 32 | ടേക്ക് എ ബ്രേക്ക്കൾ - ചുമതലക്കാരില്ലാത്ത അവസ്ഥയിൽ. | 1-23 |
| 33 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-24 |
| 34 | അഗതിരഹിതകേരളം -ബാങ്ക് അക്കൗണ്ടിൽ 7.63 ലക്ഷം ബാക്കിനിൽക്കുന്നു. | 1-25 |
| 35 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ. | 1-26 |
| 36 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം. | 1-27 |
| 37 | ജൽജീവൻമിഷൻ -അവലോകനം | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് - വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# **ഭാഗം -1**
# **പൊതു അവലോകനം**

## **1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25**

1. **വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19-05-2025 തീയതിയിലെ 6(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 30-05-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### **വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 11-09-2025** **ഡെപ്യൂട്ടി ഡയറക്ടർ**

## **1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല**

31-03-2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (-21786575.25/-) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 1238720/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല.

## **1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല**

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ഉള്ള ഡേറ്റ ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

## **1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല**

26-07-2011 ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01-04-2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 3.87 കോടി മൂല്യമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## **1-1-4 Roads & Bridges ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികരിച്ചു**

വാർഷിക ധനകാര്യപത്രികയിലെ Roads And Bridges ഇനത്തിലെ ആകെ ആസ്തി മൂല്യം 3653323 (36.53 ലക്ഷം) രൂപയും ഈയിനത്തിലെ 31.3.25 ലെ Accumulated Depreciation -17543881 (1.75 കോടി) രൂപയുമാണ്. തുടർവർഷം മേൽ അക്കൗണ്ടിങ്ങ് അപാകത ആവശ്യമായ ക്രമീകരണം നടത്തി കൃത്യമാക്കേണ്ടതാണ്.

### 1-1-5 വിവിധ വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററുകൾ പ്രകാരമുള്ള ഡിസിബി വിശദാംശങ്ങൾ (വാടക, ലൈസൻസ്, വസ്തുനികുതി, തൊഴിൽനികുതി (ട്രേഡേഴ്സ്), ജീവനക്കാരുടെ തൊഴിൽനികുതി) വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-6 Prior Period Expenditure , Prior Period Income തുകകളുടെ ക്രമീകരണം സംബന്ധിച്ച നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല.

I-18, I-19 Prior Period Expenditure , Prior Period Income തുകകളുടെ ക്രമീകരണം സംബന്ധിച്ച വിശദമായ നോട്ട്സ് ഓൺ അക്കൗണ്ട് ലഭ്യമാക്കിയില്ല.

### 1-1-7 വാർഷിക കണക്ക് പ്രകാരമുള്ള വായ്പാ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിൽ നിലവിലുള്ള കെ.യു.ആർ.ഡി.എഫ്.സി. ലോൺ തുകയുടെ നീക്കിയിരിപ്പിൽ യഥാർത്ഥ കണക്കുകളുമായി വ്യത്യാസങ്ങൾ കാണപ്പെടുന്നു. യഥാർത്ഥ കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മുൻവർഷത്തിലെ ലോൺ നീക്കിയിരിപ്പ് (ബി 5) | തൻവർഷ വരവ് | ആകെ | തൻവർഷ മുതൽ തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1979406 | 740000 | 2719406 | 881021 (129/25, 130/25) | 1838385 |

എന്നാൽ തൻവർഷ നീക്കിയിരിപ്പായി വാർഷികകണക്കുകളിൽ ചേർത്തിട്ടുള്ളത് 1778385 എന്നാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. കൂടാതെ B5-Secured Loans തുക 1778385 എന്നും B 16-Pre Paid Expenses 1378385 എന്നുമാണ് കാണുന്നത് വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. ലോൺ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-8 റിഡംപ്ഷൻ തുക - മുൻവർഷ തുക ഒഴിവാക്കിയിരിക്കുന്നു.

31.3.24 ൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന Receivables Of Redemption തുക 878,088 ആയിരുന്നു. തൻവർഷം എൽജിടിഎസ്ബി അക്കൗണ്ടിലേക്ക് തിരികെ ലഭിച്ച Redemption തുക 803010 ആണ്. തൻവർഷം(31-03-25 ൽ) Redemption തുകയായി എൽജിടിഎസ്ബി അക്കൗണ്ടിൽ നിന്നും പിടിച്ചത് 2537717 ആണ്. മുൻവർഷം വരെയുള്ളതിൽ തിരികെ ലഭിക്കാനവശേഷിക്കുന്ന 75078 ഉൾപ്പെടെ തൻവർഷ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടിരുന്നത് 2612795 രൂപയാണെങ്കിലും 2537717 മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻവർഷം വരെയുള്ളതിൽ തിരികെ ലഭിക്കാനവശേഷിക്കുന്ന 75078 രൂപ ഒഴിവാക്കിയത് സംബന്ധിച്ച് കൃത്യമായ മറുപടി ലഭിച്ചില്ല.

### 1-1-9 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ് വിശകലനം

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 08.02.24-ലെ പഞ്ചായത്ത് ഭരണസമിതിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 15.03.2025-ലെ 1(1)-ാം നമ്പർ (ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 22.02.25-ലെ 3(2)-ാം നമ്പർ) തീരുമാനപ്രകാരവും അംഗീകരിച്ചു. യഥാർത്ഥബജറ്റ് പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | 2024-25 ആദ്യ ബജറ്റ് | 2024-25 പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരുപ്പ് | 3158982 | 6805345 |
| വരവ് | 13,61,69,302 | 136169302 |
| ആകെ വരവ് | 139328284 | 142974647 |
| 2024-25 ചെലവ് | 135298992 | 135298992 |
| നീക്കിയിരിപ്പ് (31-03-2025) | 4029292 | 7675655 |

## 1-3 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് , ലാഭം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

### റസീറ്റ് & പേമെന്റ് പത്രിക 2024-25

| | |
|---|---|
| മുന്നിരിപ്പ് (01/04/2024) | 6767069/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 28073685/- |
| ആകെ | 34840754/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 22873326/- |
| നീക്കിയിരിപ്പ് (31/03/2025) | 11967428/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 91,782,601/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 88,149,600/- |
| പ്രവർത്തന ലാഭം/നഷ്ടം (Gross Surplus/Deficit) | 36,33,001/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 369399/- |
| അറ്റ പ്രവർത്തന ലാഭം (Net Surplus) | 4002400/- |

**ഓഡിറ്റ് പ്രത്യവലോകനം 2024-25**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,04,512/- |

**1-4 ഗ്രാന്റ് വിനിയോഗം**

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ തൻവർഷം പദ്ധതി പദ്ധതിയേതരമായി ചെലവുള്ളതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗവും പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 11517000/- | 11517000/- | 11517000/- | 0 | 100 |
| വികസന ഫണ്ട്- SCP | 0 | 737000/- | 737000/- | 737000/- | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 4044 | 1940147 + 68594(Int) = 2008741/- | 2012785/- | 1940000 | 72785 | 96.38 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 51453 | 3957500 | 4008953 | 1731394 | 2277559 | 43.18 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 4391000 | 4391000 | 4391000 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 11574000 | 11574000 | 11574000 | 0 | 100 |
| ICDS ഫണ്ട് | 780045 | 849020 | 1629065 | 313852 | 1315213 | 19.27 |
| സ്വച്ച് ഭാരത് | 0 | 252019 | 252019 | 252019 | 0 | 100 |
| Total Sanitation | 841 | 0 | 841 | 0 | 841 | - |
| ശുചിത്വ മിഷൻ | 19810 | 0 | 19810 | 0 | 19810 | - |
| എൻഎച്ച്എം. (ആയുഷ് ഗ്രാന്റ്) | 500000 | 0 | 500000 | 491772 | 8228 | |
| ആരോഗ്യ ഗ്രാന്റ് | 11196 | 262927 | 274123 | - | 274123 | |

| | | | | | | |
|---|---|---|---|---|---|---|
| Dignostic Infra | | | | | | |
| ആരോഗ്യ ഗ്രാന്റ് Wellness Centre | 5215 | 446537 | 451752 | - | 451752 | |
| Life State Share | 0 | 700000 | 700000 | 420000 | 280000 | |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്-General | 11517000 | 11517000 | 128/25-525600/-<br>129/25-440390/-<br>130/25-440631 | 10110379 |
| പ്രത്യേക ഉദ്ദേശ്യ ഫണ്ട് (ബഡ്സ്, ലൈഫ്, എം.എൻ ലക്ഷം വീട്)* | 1398892 | 859150 | 2258042 | 1111920 |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

2. ധനകാര്യ കമ്മീഷൻ തുക ബി 4 ഉം ബി 17 തമ്മിൽ 2544 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. അസി. എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടിന്റെ ഭാഗമായ റിട്ടൻഷൻ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിടാത്തതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്.

3. *പ്രത്യേക ഉദ്ദേശ്യങ്ങൾക്ക് വേണ്ടി ലഭിച്ചതും തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ വിവിധ ഫണ്ടുകളുടെ (ബഡ്സ് സ്കൂൾ സ്പെഷ്യൽ ഫണ്ട്, ലൈഫ്, എം.എൻ.ലക്ഷം വീട് Etc.) വിവരങ്ങളാണ് എഴുതി തയ്യാറാക്കിയ ACR പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഓരോ ഫണ്ടിനത്തിലെയും ചെലവഴിക്കാൻ അവശേഷിക്കുന്ന തുക സംബന്ധിച്ച് രജിസ്റ്ററിൽ നിന്നും വ്യക്തമായ വിവരം ലഭിക്കുന്നില്ല. ഈയിനത്തിലെ വരവായി കാണിച്ചിട്ടുള്ളത് ബഡ്സ് സ്കൂൾ സ്പെഷ്യൽ ഫണ്ട് ലഭ്യമായതാണ്(429575*2). ചെലവ് തുക ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യം ഒരുക്കലും (97/25)-746122, വെളിയന്നൂർ ബഡ്സ് സ്കൂളിൽ തെറാപ്പി സേവനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും നടപ്പാക്കൽ (111/25) എന്നീ പ്രോജക്ടുകൾ പ്രകാരമുള്ളതാണ്. ഫണ്ടിനം കൃത്യമായി രേഖപ്പെടുത്തി അവശേഷിക്കുന്ന തുകകൾ ചെലവഴിക്കുന്നതിന് തുടർവർഷങ്ങളിൽ പ്രൊജക്ട് ആവിഷ്കരിക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതിയവലോകനം.

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 28-02-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. ആകെ 123 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 79800352/- രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയോഗം 15-12-2023ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16-12-2023 ലും വികസന സെമിനാർ 27-12-2023 ലും ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 17-12-2023 മുതൽ 23.12.2023 വരെ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതിചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 123 | 79800352 | 102 | 40250685 | 21 | 83% |

2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 3135200/- | 1638974/- | 52 |
| വെറ്ററിനറി സർജൻ | 3 | 3 | 245000/- | 245000/- | 100 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 8 | 6 | 1760000/- | 791636/- | 45 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 250000/- | 231077/- | 92 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 851111/- | 825597/- | 97 |
| വി.ഇ.ഒ | 15 | 13 | 38573720/- | 9798085/- | 25 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 3322962/- | 2077090/- | 62 |
| സെക്രട്ടറി | 28 | 16 | 4748489/- | 3638919/- | 76.6 |
| ഹെഡ്മാസ്റ്റർ | 4 | 4 | 277000/- | 252000/- | 91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 45 | 42 | 22676870/- | 18633204/- | 82 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2860000/- | 1045203/- | 36.5 |
| അസിസ്റ്റന്റ് സെക്രട്ടറി | 2 | 2 | 1100000/- | 1073900/- | 97.6 |
| ആകെ | 123 | 102 | 79800352/- | 40250685/- | 50.4 |

കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ, ബ്ളോക്ക്/ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ എന്നിവ വലിയ തുകകൾ വകയിരുത്തിയെങ്കിലും ആയത് ലഭിക്കാതിരുന്നത് ചെലവ് ശതമാനം കുറയാൻ കാരണമായി. വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ, ആയുർവേദം), ഹെഡ്മാസ്റ്റർ, അസി.എഞ്ചിനീയർ, അസി.സെക്രട്ടറി എന്നിവർ പദ്ധതിനിർവ്വഹണത്തിൽ ഫണ്ട് ചെലവഴിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. വി.ഇ.ഒ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി എന്നിവരുടെ പദ്ധതിച്ചെലവ് താരതമ്യേന കുറവായിരുന്നു. ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച 705000/- രൂപ തൻവർഷവും ചെലവഴിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

**<u>വാർഷികപദ്ധതിയിലെ പ്രധാന നേട്ടങ്ങൾ</u>**

കാർഷികമേഖലയിൽ നെൽകൃഷിവികസനം, മഞ്ഞൾകൃഷി , സ്ഥിരംകൃഷിക്ക് ധനസഹായം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

ആരോഗ്യമേഖലയിൽ ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റിവ് കെയർ പദ്ധതി, ക്ഷയരോഗമുക്തപഞ്ചായത്ത്, അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രോജക്ടുകൾ നടപ്പിലാക്കി.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ശുചിത്വമാലിന്യഉപാധികൾ വിതരണം ചെയ്തു.

ബഡ്സ് സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ 500000/- രൂപയുടെ വിവിധ ഉപകരണങ്ങൾ വിതരണം ചെയ്തു.

**<u>വിവിധ ഗ്രാന്റുകൾ ചെലവഴിച്ചതിൽ നേട്ടം</u>**

വികസനഫണ്ട്-ജനറൽ , വികസനഫണ്ട്(എസ്.സി.പി) , സംരക്ഷണഗ്രാന്റ് റോഡ്, റോഡിതരസംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭ്യമായ ഗ്രാന്റ് 100% ചെലവഴിക്കാൻ സാധിച്ചത് ഭരണസമിതിയുടെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്.
സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടായത് അഭിനന്ദനം അർഹിക്കുന്നു.ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 23,50,344/- ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആയത് തുടർവർഷങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

**<u>മോണിറ്ററിംഗ്</u>**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/ വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

## <u>1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി .</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 21 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 305 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 134 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 74 പ്രവൃത്തികൾ പൂർത്തിയാക്കി. 22188 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 89 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 644 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 66.12 തൊഴിൽ ദിനങ്ങൾ ശരാശരി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല, മഴക്കുഴി തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01/04** | **4438** | Skilled Labour(DBT) | 569827 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 507663 | Unskilled Labour(DBT) | 7649095 |

| | | | |
|---|---|---|---|
| പലിശ വരവ് | 998 | Material(DBT) | 30,76,000 |
| **മറ്റ് നേരിട്ടുള്ള വരവ്** | **0** | **ആകെ EFMS ചെലവ്** | **11294922** |
| Skilled Labour | 569827 | ശമ്പളം | 697459 |
| Unskilled Labour | 7649095 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 2183 |
| Material | 3076000 | മറ്റ് ചെലവുകൾ | 17970 |
| **ആകെ EFMSവരവ്** | **11294922** | **ആകെ EFMS ചെലവ്** | **717612** |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 717612 | പഞ്ചായത്ത് തനത് ഫണ്ട് മുൻകൂർ തിരിച്ചടവ് | 513099 |
| | | **നീക്കിയിരിപ്പ്** | 0 |
| **ആകെ** | **12525633** | **ആകെ** | **12525633** |

## 1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് മുഖേനയുള്ള ക്ഷേമ പെൻഷൻ വിതരണത്തിനായി 2,55,79,580/- രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 4080 | 6 |
| വാർദ്ധക്യകാലപെൻഷൻ | 14,443,400 | 969 |
| കർഷകതൊഴിലാളി പെൻഷൻ | 2235600 | 129 |
| വിധവാപെൻഷൻ | 6284900 | 404 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 3,69,600 | 231 |
| വികലാംഗ പെൻഷൻ | 22,42,000 | 22 |
| ആകെ | 2,55,79,580 | 1761 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 07.07.2025-ന് 03:05PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 6796/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് തയാറാക്കിയിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 31-03-2025 വരെ മാത്രമാണ് തയാറാക്കിയിട്ടുണ്ട് .

മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ ,ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ ലിസ്റ്റ് ,ട്രേഡേഴ്ള് ലിസ്റ്റ് എന്നിവ മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ രജിസ്റ്ററുകൾ പ്രകാരമുള്ള തുകകൾ പലതും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.കമ്പ്യൂട്ടർ ഉൾപ്പെടെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്ന ഹാർഡ് വെയർ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.സ്യൂട്ട് രജിസ്റ്റർ വിവരങ്ങൾ ചേർത്ത് പുതുക്കിയിട്ടില്ല.

ജീവനക്കാരുടെ സേവനപുസ്തകത്തിൽ അവധി കണക്കുകളുൾപ്പെടെ കൃത്യമായി ചേർക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ വളരെ കാര്യക്ഷമമാണ്. 100% നികുതിപിരിവ് സാധിച്ചിട്ടുള്ളത് അഭിമാനകരമായ നേട്ടമാണ്.നികുതി പിരിവിലുൾപ്പെടെ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.

പദ്ധതി വിഹിതം തുകകൾ 100% ചെലവഴിച്ചതിലൂടെ വാർഷികപദ്ധതി നിർവഹണത്തിൽ വേണ്ടത്ര കാര്യക്ഷമത പുലർത്താൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് കഴിഞ്ഞവർഷത്തെ മികച്ചഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കുവാൻ ഗ്രാമപഞ്ചായത്തിനെ പ്രാപ്തമാക്കിയത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/08/2022 | 2021-2022 | SC2.479/2023 Dated.27.01.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/03/15 മുതൽ 24/03/15 വരെ | 2009-10 മുതൽ 2013-14 വരെ | എൽ.ബി.(എച്ച് ക്യു)II/8എ-2297/28തീയതി.15/06/15 |

## 1-11 കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ അപാകത.

പഞ്ചായത്തിന്റെ ഒന്നാം വാർഡിലുള്ള ലിസി ജോസഫ് , പതിമൂന്നാം വാർഡിലുള്ള ലാലു കല്ലുംപുറത്ത് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി 1/103 H(65.08 ച.മീ.),1/103 I (78.14 ച.മീ.) , 13/17 C (84.96 ച.മീ.),13/17 D (110.07 ച.മീ.) എന്നീ നമ്പരുകൾ നൽകി പാർപ്പിടാവശ്യത്തിന് നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. 05-04-2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചതിൻ പ്രകാരം വിവിധ ഉപയോഗക്രമങ്ങളും പ്രാബല്യത്തിലായിട്ടുള്ളതാണ്. ആയത് പ്രകാരം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ , 300 ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് യഥാക്രമം ചതുരശ്ര മീറ്ററിന് 8/-, 10/- എന്നിങ്ങനെയാണ് പഞ്ചായത്തിൽ നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിന് 300 ച.മീ.വരെയുള്ളവ , 300 ച.മീ. മുകളിലുള്ളവ എന്നിവയ്ക്ക് യഥാക്രമം ച.മീറ്ററിന് 42, 58 എന്നിങ്ങനെയാണ് നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. മേൽപറഞ്ഞ കെട്ടിടങ്ങൾ കിച്ചൺ സൗകര്യത്തോടെ വാടകയ്ക്ക് താമസത്തിന് നൽകാനായി അപ്പാർട്ട്മെന്റുകളായി നിർമ്മിച്ചിട്ടുള്ളതാണെന്ന് പ്ലാനിൽ നിന്നും ബോധ്യപ്പെട്ടു. സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അനുവദിക്കാവുന്ന നിരക്കിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുള്ളതായി കാണുന്നു. നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു. (2024-25 ലെ 5% നികുതി വർദ്ധനവ് കൂടി കണക്കാക്കിയാണ് നിലവിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്.)

| ക്രമനം | കെട്ടിട നം., നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി (വഴി സൗകര്യത്തിന്റെ ഇനത്തിൽ 20%വർദ്ധനവ്+5% ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത് (വഴി സൗകര്യത്തിന്റെ ഇനത്തിൽ 20%വർദ്ധനവ്+5% ലൈബ്രറി സെസ് ഉൾപ്പെടെ) | നികുതിയിലെ കുറവ് | നികുതി പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|---|---|---|
| 1 | 1/103 H, I, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ | 65.08+78.14=143.22 | അടിസ്ഥാന നികുതി 143.22*8.4=1204, വർദ്ധന-241, LC-72, ആകെ-1517 | അടിസ്ഥാന നികുതി 143.22*44.1=6316, വർദ്ധന-1264, LC-379, ആകെ-7959 | 6442 | 30/04/2024 |
| 2 | 13/17 C,D, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ | 84.96+110.07=195.03 | 195.03*10.5=2047 വർദ്ധന-410, LC-123, ആകെ-2580 | 195.03*44.1=8601 വർദ്ധന-1720, LC-516, ആകെ-10837 | 8257 | 17/10/2024 |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/16.7.25) പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. സമാനമായ അപാകതകൾ മറ്റ് കെട്ടിടങ്ങളുടെ നികുതി

നിർണ്ണയത്തിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ഓഡിറ്റ് ഇംപാക്റ്റ് - കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ചു.

പഞ്ചായത്തിന്റെ ഒന്നാം വാർഡിലുള്ള ഷാനു പി.കെ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി 1/21 A (755.52 ച.മീ.) എന്ന നമ്പർ നൽകി വ്യവസായാവശ്യത്തിനുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടം UDC2-BA(119944)/2022 എന്ന നമ്പരിൽ Group G1&A1 വിഭാഗത്തിൽ പ്ലൈവുഡ് ഫാക്ടറിയ്ക്കായാണ് പെർമിറ്റ് അനുവദിച്ചത്. 05-04-2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വ്യവസായാവശ്യത്തിനുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ എന്ന ഉപയോഗക്രമത്തിന് ച.മീറ്ററിന് 25 രൂപയും ഇതരവ്യവസായത്തിനുള്ളവയ്ക്ക് ച.മീറ്ററിന് 55 രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്. ഇതരവ്യവസായത്തിനുള്ളവ (പ്ലൈവുഡ് ഫാക്ടറി) എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ട കെട്ടിടത്തിന് വ്യവസായാവശ്യത്തിനുള്ളവ - ഇഷ്ടികച്ചൂള, തടിമിൽ എന്ന് ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു. (2024-25 ലെ നികുതി 5% വർദ്ധനവ് കൂടി കണക്കാക്കിയാണ് നിലവിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്.)

| ക്രമ നം | കെട്ടിട നം., നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി( വഴിയുടെ ഇനത്തിലെ 20% വർദ്ധനവും മേൽക്കൂര ഇനത്തിൽ 10% ഇളവും 5% ലൈബ്രറി സെസും ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത്(വഴിയുടെ ഇനത്തിലെ 20% വർദ്ധനവും മേൽക്കൂര ഇനത്തിൽ 10% ഇളവും 5% ലൈബ്രറി സെസും ഉൾപ്പെടെ) | നികുതിയിലെ കുറവ് | നികുതി പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|---|---|---|
| 1 | 1/21 A, വ്യവസായത്തിനാവശ്യമുള്ളവ- ഇഷ്ടികച്ചൂള, തടിമില്ല് | 755.52 | 755.52*26.25=19832,<br>വർദ്ധന-3967<br>ഇളവ്-1983<br>LC-1090<br>ആകെ-22907 | 755.52*57.75=43631<br>വർദ്ധന-8727<br>ഇളവ്-4363<br>LC-2399<br>ആകെ-50395 | 27488 | 05/11/2024 |

ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/26.7.25) നികുതി പുനർനിർണ്ണയിച്ച് ഈടാക്കി മറുപടി ലഭ്യമാക്കി. ഇപ്രകാരമുള്ള മറ്റ് അപാകതകൾ നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി കുറവായി നിർണയിച്ചു

പഞ്ചായത്തിന്റെ പത്താം വാർഡിലുള്ള റോയൽ ക്ലബ്ബിന് വേണ്ടി പ്രസിഡന്റ് സണ്ണി ചെറിയാൻ, സെക്രട്ടറി പ്രസാദ് പി.ജെ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി 10/234 C(105.93 ച.മീ.) എന്ന നമ്പർ നൽകി വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. 05-04-2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചതിൻ പ്രകാരം വിവിധ ഉപയോഗക്രമങ്ങളും പ്രാബല്യത്തിലായിട്ടുള്ളതാണ്. ആയത് പ്രകാരം വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ എന്ന ഉപയോഗക്രമത്തിന് ച.മീറ്ററിന് 40 രൂപയും വാണിജ്യാവശ്യം- 100 ച.മീ മുതൽ 500 ച.മീ. വരെയുള്ളവയ്ക്ക് 60 രൂപയും നിരക്കാണ് പഞ്ചായത്ത് വിജ്ഞാപനം ചെയ്ത് നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീ. മുകളിലുള്ള കെട്ടിടത്തെ 100 ച.മീറ്ററിൽ താഴെയുള്ളവയുടെ ഗണത്തിൽ ഉപയോഗക്രമം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു. (2024-25 ലെ നികുതി 5% വർദ്ധനവ് കൂടി കണക്കാക്കിയാണ് നിലവിൽ നികുതി നിർണ്ണയിക്കുന്നത്.)

| ക്രമനം | കെട്ടിട നം., നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി(വഴി സൗകര്യത്തിന്റെ ഇനത്തിൽ 20%വർദ്ധനവ്+5% ലൈബ്രറി സെസ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത് (വഴി സൗകര്യത്തിന്റെ ഇനത്തിൽ 20%വർദ്ധനവ്+5% ലൈബ്രറി സെസ് ഉൾപ്പെടെ) | നികുതിയിലെ കുറവ് | നികുതി പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|---|---|---|
| 1 | 10/234 C, വാണിജ്യാവശ്യം- 100 ച.മീ വരെയുള്ളവ | 105.93 | 105.93*40=4237<br>വർദ്ധന-848<br>LC- 254<br>ആകെ-5340<br>(2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടമാണ്) | 105.93*63=6674<br>വർദ്ധന-1335<br>LC- 400<br>ആകെ-8410 | 3069 | 13/08/2024 |

ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/16.7.25) പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. സമാനമായ അപാകതകൾ മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 വാടക - അപാകതകൾ**

1. പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും റൂം നം. 183 F ശ്രീ ലിബിൻ ബേബി എന്ന വ്യക്തി ലേലം കൊണ്ട് കരാർ വെച്ച് 10/24 വരെ വാടക അടവാക്കി വന്നിരുന്നതായി കാണുന്നു. എന്നാൽ 11/24 മുതൽ 3/25 വരെ ശ്രീ ശ്രാവൺ വിജയകുമാർ എന്ന വ്യക്തി പഞ്ചായത്തുമായി കരാർ വച്ച് മുറി ഏറ്റെടുത്ത് വാടക അടവാക്കി വരുന്നതായും വ്യക്തമായി. ശ്രീ ശ്രാവൺ വിജയകുമാർ എന്ന വ്യക്തിക്ക് മുറി അനുവദിക്കുന്നതിനായി ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിലവിലുണ്ടായിരുന്ന വാടകക്കാരൻ വിദേശത്ത് പോയതിനെ തുടർന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (15.10.24 ലെ 2-ാം നമ്പർ തീരുമാനം) ശ്രാവൺ വിജയകുമാർ എന്ന വ്യക്തിയ്ക്ക് നൽകിയതാണെന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്ത് വാടകമുറികൾ കൈമാറ്റം ചെയ്യുമ്പോൾ ആവശ്യമായ ലേല നടപടിക്രമങ്ങൾ പാലിച്ച് കൈമാറുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്തിൽ നിന്നും വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ ആകെ പ്രതിമാസ വാടക 20620 ആണ്. വാടക ഡെപ്പോസിറ്റ് ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം (ബി 7) 31.3.25 ലുള്ള തുക 51279 ആണ്. മൂന്നു മാസത്തെ വാടക ഡെപ്പോസിറ്റായി സ്വീകരിച്ചാൽ ലഭിക്കേണ്ട തുക 61860 ആണ്. വാടക ഡെപ്പോസിറ്റിലെ കുറവ് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലേലം ചെയ്ത സമയത്തെ വാടക അടിസ്ഥാനമാക്കി വാങ്ങിയ ഡെപ്പോസിറ്റാണ് നിലവിലും ഉള്ളതെന്നും തുടർവർഷങ്ങളിൽ 5 % വർദ്ധന വരുത്തുമ്പോൾ വാടക ഡെപ്പോസിറ്റ് പുതുക്കാത്തതിനാലാണ് വ്യത്യാസമുള്ളതെന്നും മറുപടി ലഭിച്ചു. വാടക വർദ്ധനവിന് ആനുപാതികമായി ഡെപ്പോസിറ്റിലും മാറ്റം വരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലെ അരീക്കരയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ സപ്ലൈക്കോയ്ക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളതിന്റെ മുകളിലെ നിലയിലുള്ള മുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. മുറികൾ വാടകയ്ക്ക് നൽകുന്നതിന് നടപടികളോ ഭരണസമിതി തീരുമാനങ്ങളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16.7.25) പ്രസ്തുത കെട്ടിടം വനിതാ ജിംനേഷ്യത്തിനായി മാറ്റി വെച്ചിട്ടുള്ളതും പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെന്നും മറുപടി നൽകി. പഞ്ചായത്തിന്റെ ആസ്തികൾ പ്രയോജനപ്രദമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

**1-15 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ട് - തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല.**

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ് ബി ഐ ,വെളിയന്നൂർ ശാഖയിലുള്ള 38186743930നമ്പർ അക്കൗണ്ടിൽ 04-07-25 തീയതിയിൽ 74446/രൂപ നീക്കിയിരിപ്പുണ്ട്.ഇ ടെന്റർ ഫീസിനത്തിലുള്ളതാണ് പ്രസ്തുത തുകയെന്ന് കാണുന്നു.പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തുക മുതൽകൂട്ടേണ്ടതാണ്.

**1-16 പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ വെള്ളക്കരം-നടപടികൾ സ്വീകരിച്ചില്ല**

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ്ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് 16.11.23 ൽ ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തുകയും ബില്ലടയ്ക്കുന്ന 12 ടാപ്പുകളുടെ സ്ഥാനത്ത് 8 ടാപ്പുകൾ മാത്രമാണ് നിലവിലുള്ളത് എന്ന് കണ്ടെത്തുകയും ചെയ്തതായി 16-11-2023 ലെ ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നു. പ്രസ്തുത 8 എണ്ണത്തിൽ 4 എണ്ണം പ്രവർത്തിക്കാത്തതാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ സ്ഥാപിക്കണമെന്നും അതിന്റെ ചെലവ് അതാത് പഞ്ചായത്തുകൾ വഹിക്കണമെന്നും അത് പ്രകാരം വെളിയന്നൂർ ഗ്രാമപഞ്ചായത്തിലെ 8 ടാപ്പുകൾക്കായി 34500/ രൂപ മീറ്റർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം അടയ്ക്കണമെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിക്കുകയും (KWA, PH, Division കടുത്തുരുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 30-05-24 ലെ PHKY/1089/2022/(IV)നമ്പർ കത്ത്) എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 12-06-2024 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(8) തീരുമാനത്തിൽ 8 ടാപ്പുകളിൽ 3 എണ്ണം നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ആയവ ഒഴിവാക്കി ജോയിന്റ് ഇൻസ്പെക്ഷനിലൂടെ പൊതുടാപ്പുകളുടെ എണ്ണം 5 ആയി നിജപ്പെടുത്തി മീറ്റർ സ്ഥാപിക്കുന്നതിന് പുതിയ എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് വാട്ടർ അതോറിട്ടിയോട് അഭ്യർഥിച്ച് തീരുമാനിച്ചിരുന്നു.എന്നാൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിലവിൽ 2025 ജൂലൈ മാസത്തിലെ 97557/08-07-25 നമ്പർ ബില്ലിലും 12 ടാപ്പുകളുടെ വെള്ളക്കരം ഡിമാൻഡ് ചെയ്തിട്ടുള്ളതായി കാണുന്നു.ഒരു ടാപ്പിന് പ്രതിവർഷം 14559/രൂപയാണ് കരം ഒടുക്കേണ്ടത്.

മേൽ പരാമർശിച്ചപ്രകാരം 16-11-23 ലെ സംയുക്തപരിശോധനയ്ക്ക് ശേഷവും 12 ടാപ്പുകൾക്ക് കരം അടയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് അധിക ചെലവാണ്.

5 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ 12-06-2024 ലെ തീരുമാനപ്രകാരവും നാളിതുവരെ നടപടി സ്വീകരിക്കുകയുണ്ടായിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (14/07/25-ലെ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറി) വാട്ടർ അതോറിറ്റിയിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായില്ല എന്നും ടി വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 വരൾച്ചാ ദുരിതാശ്വാസപ്രവർത്തനം - നിർദ്ദേശം പാലിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO121/25 |
| അടങ്കൽ, ഫണ്ടിനം | 95000/- |

| | |
|---|---|
| | വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 94400/- |
| ബിൽ നമ്പർ, തീയതി | 40 /18.3.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വരൾച്ചബാധിത മേഖലകളിൽ കുടിവെള്ളം വിതരണം ചെയ്യുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം . ക്വട്ടേഷൻ ക്ഷണിക്കുകയും ഒരു ട്രിപ്പിൽ 5000L ജലം വിതരണം ചെയ്യുന്നതിന് 1600/- രൂപ നിരക്ക് ക്വോട്ട് ചെയ്ത ഏബിൾ കെ പോൾ , കുന്നുംചിറയിൽ എന്നയാളുടെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 12.3.2024 ലെ 2(1) (1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

59 ട്രിപ്പുകളിലായി ജലം വിതരണം ചെയ്തതിന് 94400/- രൂപ ( 59 X 1600 ) കരാറുകാരന് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 10.3.23 ലെ DDP- KTM/313/2023- G4 നമ്പർ കത്ത് പ്രകാരം ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത്. കുടിവെള്ളവിതരണത്തിന്റെ തുക നൽകുന്നതിന് മുമ്പ് ലോഗ് ബുക്കും ജി.പി.എസ് ലോഗും ക്രോസ് ചെക്ക് ചെയ്യേണ്ടതുമാണ്. എന്നാൽ ജി.പി.എസ് ലോഗ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ജലവിതരണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ6/11.7.2015) നൽകുകയുണ്ടായി. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നെന്നും ലോഗ് ബുക്കും ജി.പി.എസ് ലോഗും പരിശോധിച്ചാണ് കുടിവെള്ളം വിതരണം ചെയ്തതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ , ജി.പി.എസ് ലോഗ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കി പ്രവൃത്തികൾ നിർവഹിക്കേണ്ടതും, പ്രവൃത്തി സംബന്ധമായ എല്ലാ നടപടിക്രമങ്ങളുടെയും രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**1-18 ബഡ്സ് സ്കൂളിന് അനുബന്ധസേവനങ്ങൾ - സ്പെഷ്യൽ സ്കൂൾ ഗ്രാന്റ് ചെലവഴിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 111/25 |
| അടങ്കൽ, ഫണ്ടിനം | 500000/- ജില്ലാപഞ്ചായത്ത് വിഹിതം 400000/- സ്പെഷ്യൽ ഗ്രാന്റ് |
| ചെലവ് | 900000/- |
| ബിൽ / വൗച്ചർ നമ്പർ, തീയതി | 2/25.3.2025 = 500000/- 22400897/26.3.2025 = 400000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വെളിയന്നൂർ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങുകയും സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തുകയുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും 15.3.2025 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ ആർട്കോയിൽ നിന്നും 500000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസവകുപ്പിന്റെ 6.3.2024 ലെ സ.ഉ (സാധാ) നം. 1883/ 2024 പ്രകാരം സ്പെഷ്യൽ സ്കൂൾ പാക്കേജിൽ ഉൾപ്പെടുത്തി വെളിയന്നൂർ ഗ്രാമപഞ്ചായത്തിന് 429575/- രൂപ അനുവദിച്ചിരുന്നു. ആയതിൽ 400000/- രൂപ വൗച്ചർ നമ്പർ 22400897/26.3.2025 പ്രകാരം പിൻവലിച്ച് ബഡ്സ് സ്കൂൾ വികസന മാനേജ്മെന്റ് സമിതിയുടെ അക്കൗണ്ടിലേക്ക് (നമ്പർ 40746101001927 കേരളാ ഗ്രാമീൺ ബാങ്ക് പുതുവേലി ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് . തുക 26.3.2025 ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുമുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 5/11.07.2025) നൽകുകയുണ്ടായി. തുക പൂർണ്ണമായും ചെലവഴിച്ചാൽ മാത്രമേ തുടർവർഷങ്ങളിൽ ഗ്രാന്റ് ലഭിക്കുകയുള്ളൂ എന്നും അതിനാൽ 6.01.2025 ലെ 16 (1) നമ്പർ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 400000/- രൂപ ബഡ്സ് സ്കൂൾ വികസനമാനേജ്മെന്റ് സമിതിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായതെന്ന് മറുപടി ലഭ്യമാക്കി. ട്രാൻസ്ഫർ ചെയ്ത തുക ഉപയോഗിച്ച് ബഡ്സ് സ്കൂളിന് ആവശ്യമായ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തുമെന്നും പ്രവൃത്തികൾ പൂർത്തിയാക്കി അസി.എഞ്ചിനീയറിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കി തുക വിനിയോഗിക്കുമെന്നും മറുപടി ലഭ്യമാക്കി. ബഡ്സ് സ്കൂളിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ പൂർത്തിയാക്കി തുക ചെലവഴിച്ചതിന് ശേഷം വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S 00 36/25 |

| | |
|---|---|
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് | 2,00,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ബിൽ നം &തീയതി | 171/18.01.25 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മെഡിക്കൽ ഓഫീസർ,ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി HOMCO ആലപ്പുഴയ്ക്ക് 2,00,000/- നൽകിയിട്ടുണ്ട്. ഹോംകോയിൽ നിന്നും LF -3175തീ.30.03.25-ാംനമ്പർ ഇൻവോയ്സ് പ്രകാരം 95,488/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട് . HOMCO യിൽ നിന്നും ബാക്കി 1,04,512/- രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്. മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകുന്നതുവരെ 1,04,512/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 വാനപ്രസ്ഥ ഓൾഡേജ് ഹോം-അന്യാധീനപ്പെട്ട നിലയിൽ.**

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ വാനപ്രസ്ഥ ഓൾഡേജ് ഹോം എന്ന പേരിലുള്ള കെട്ടിടം ഉൾപ്പെട്ടതായി കാണുന്നു.പഞ്ചായത്ത് കമ്മിറ്റിയുടെ 20-07-24 ലെ 17(1) തീരുമാനം വാനപ്രസ്ഥ എന്ന കെട്ടിടവുമായി ബന്ധപ്പെട്ടതാണ്.കരാറില്ലാതെ പെൻഷനേഴ്സ് സർവ്വീസ് യൂണിയൻ എന്ന സ്ഥാപനത്തിന് കെട്ടിടത്തിൽ പ്രവർത്തനാനുവാദം നല്കിയതിനെതിരായ 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ട് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 19-01-23 ലെ 10(1) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പെൻഷനേഴ്സ് സർവ്വീസ് യൂണിയനോട് പഞ്ചായത്തുമായി കരാറിലേർപ്പെടാൻ ആവശ്യപ്പെട്ടതായും എന്നാൽ പഞ്ചായത്തിന്റെ ആവശ്യം നിയമപരമായി സാധൂകരിക്കത്തക്കതല്ലെന്നും കെട്ടിടത്തിൽ പെൻഷനേഴ്സ് സർവ്വീസ് യൂണിയനും ,എക്സ് സർവ്വീസ് ലീഗിനുമല്ലാതെ മറ്റാർക്കും ഉടമസ്ഥാവകാശമില്ലായെന്നും പഞ്ചായത്ത് നിർദ്ദേശിച്ചപ്രകാരം കരാറിലേർപ്പെടാൻ നിർവ്വാഹമില്ലയെന്നും അഡ്വ.കെ.ആർ ശ്രീനിവാസൻ മുഖേന പെൻഷനേഴ്സ് സർവ്വീസ് യൂണിയൻ മറുപടി നല്കിയതായും മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 15210010440000007 എന്ന ഐ ഡി നമ്പരിലുള്ള പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പഞ്ചായത്തുമായി നിയമാനുസൃത കരാറിലേർപ്പെട്ട് മാത്രമേ മറ്റൊരു സ്ഥാപനത്തിന് പ്രവർത്തിക്കാനാവൂയെന്ന് അഡ്വ.ശ്രീനിവാസനുള്ള മറുപടിയിലൂടെ പെൻഷനേഴ്സ് സർവ്വീസ് യൂണിയനെ അറിയിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുമുണ്ട്.

ഈ തീരുമാനം നടപ്പാക്കിയതിന്റെയും പെൻഷനേഴ്സ് സർവ്വീസ് യൂണിയനുമായി കരാറിലേർപ്പെട്ടതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് 11-07-25 ൽ 4ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി സംരക്ഷിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനവുമായി അടിയന്തിരമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടേണ്ടതാണെന്ന് 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും (ഖണ്ഡിക 1-14) 19.01.2023 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ മാത്രമാണ് ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതിരുന്ന സാഹചര്യവും ആസ്തി സംരക്ഷണത്തിനായി സ്വീകരിക്കേണ്ട നടപടികളിലെ ന്യൂനതകളുമാണ് ഇപ്രകാരമൊരു സാഹചര്യത്തിന് കാരണമായത്. ആവശ്യമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും ഉൾപ്പെടുന്ന ആസ്തികൾ സംരക്ഷിക്കപ്പെടുന്നതിനനുകൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥാപനാധികാരികളുമായി കരാറിലേർപ്പെടേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-21 പുതുവേലി ഗവ.ഹൈസ്കൂളിന് നിർമ്മിച്ച കഞ്ഞിപ്പുര -സ്കൂളിന് വിട്ടുനൽകിയില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 95/25 എന്ന സ്പിൽഓവർ പ്രോജക്ട് പുതുവേലി ഗവ.ഹൈസ്കൂളിന് കഞ്ഞിപ്പുര നിർമ്മാണം എന്നതായിരുന്നു.36 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടം നിർമ്മിക്കുകയെന്നതായിരുന്നു പ്രോജക്ട് ലക്ഷ്യമാക്കിയത്.തനത് ഫണ്ട്,ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ യഥാക്രമം 10000/,800000/വീതം ആകെ 810000രൂപ വകയിരുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. ജിംസ്.കെ.എ എന്ന കരാറുകാരൻ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തി 04-03-25 ൽ പൂർത്തീകരിച്ച് 18-03-25 അവസാന ബിൽ നല്കിയിട്ടുണ്ട്.ആകെ പ്രോജക്ട് ചെലവ് 742292/രൂപ(ജില്ലാപഞ്ചായത്ത് വിഹിതം).

പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കൊപ്പം 15-07-25 ൽ നടത്തിയ പ്രാദേശികപരിശോധനയിൽ കഞ്ഞിപ്പുര നിർമ്മാണം പൂർത്തിയായതായി കാണപ്പെട്ടു.



എന്നാൽ ഓഡിറ്റിന്റെ പ്രാദേശിക പരിശോധനാസമയത്തും കഞ്ഞിപ്പുര സ്കൂളിന് പ്രയോജനപ്പെടുത്താൻ സാധിക്കും വിധം കൈമാറ്റം ചെയ്ത് നൽകിയിട്ടില്ലയെന്ന് വ്യക്തമായി.സ്കൂൾ അദ്ധ്യയനവർഷം ആരംഭിച്ചശേഷവും കഞ്ഞിപ്പുര സ്കൂളിന് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കാത്തത് നിർമ്മിതി നിഷ്ക്രിയമായി

അവശേഷിക്കുന്നതിന് കാരണമാകുന്നു. സ്കൂൾ അധികൃതരും പഞ്ചായത്ത് ഭരണസമിതിയും ഇക്കാര്യത്തിൽ മതിയായ നടപടികൾ സ്വീകരിച്ച് കഞ്ഞിപ്പുര പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

### **1-22 പുതുവേലി മിനിസ്റ്റേഡിയം-മതിയായ സംരക്ഷണമില്ല.**

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട പുതുവേലി മിനി സ്റ്റേഡിയം 2024-25 വാർഷികപദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ SOO62/25 നമ്പർ പ്രോജക്ടായി ഏറ്റെടുത്ത് നവീകരിക്കുകയുണ്ടായി.പൊതുവിഭാഗം വികസനഫണ്ട് ,ജില്ലാ പഞ്ചായത്ത് വിഹിതം,ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ യഥാക്രമം 132000,497853,400000 രൂപ വീതം ആകെ 1029853/രൂപ ചെലവഴിച്ച് വേണുകുമാർ .ആർ എന്ന കരാറുകാരൻ മുഖേന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,20,969/- രൂപ വിനിയോഗിച്ച് പ്രോജക്ട് നം. 107/25 പ്രകാരം സ്റ്റേഡിയത്തോടനുബന്ധിച്ച് ടോയലറ്റ് നവീകരണവും നടത്തിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിലെ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്കൊപ്പം സ്റ്റേഡിയം സന്ദർശിച്ച വേളയിൽ സ്റ്റേഡിയത്തിന് ചുറ്റുമുള്ള വേലികൾ നിറയെയും സ്റ്റേഡിയത്തിനുള്ളിലും ചെടികളും വള്ളികളും പടർന്നും മതിയായസംരക്ഷണമില്ലാത്ത നിലയിലും കാണുകയുണ്ടായി. കൂടാതെ ടോയ്‌ലറ്റിന്റെ ലോക്ക് പൊട്ടിച്ചിട്ടുള്ളതായും കാണുന്നു.




സ്റ്റേഡിയത്തിന്റെയും അനുബന്ധസംവിധാനങ്ങളുടെയും സംരക്ഷണവും വൃത്തിയും ഉറപ്പുവരുത്തുന്നതിനും ഗ്രാമത്തിലെ കളിസ്ഥലമെന്നനിലയിൽ പ്രയോജനപ്പെടുത്തുന്നതിനും മതിയായ നടപടികൾ ആസ്തിസംരക്ഷണത്തിന്റെ ഭാഗമായി ഏർപ്പെടുത്തേണ്ടതാണ്.

### **1-23 ടേക്ക് എ ബ്രേക്ക്കൾ - ചുമതലക്കാരില്ലാത്ത അവസ്ഥയിൽ.**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അരീക്കര,താമരക്കാട് എന്നിവിടങ്ങളിലായി രണ്ട് ടേക്ക് എ ബ്രേക്ക് നിർമ്മിച്ചിട്ടുണ്ട്.അരീക്കരയിൽ രണ്ട് നിലകളായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ അടിയിലെ നിലയിൽ 3 ടോയ്‌ലെറ്റുകളാണുള്ളത്. മുകൾ നിലയിൽ ഗ്ലാസ് മറകൾ ഘടിപ്പിച്ച ചെറിയ മുറിയും ഉൾപ്പെടുന്നു.

താമരക്കാട് ജംഗ്ഷനിലെ ബസ് കാത്തിരിപ്പ്ഷെഡിന്റെ സെല്ലാർ ഭാഗമാണ് രണ്ട് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് ടേക്ക് എ ബ്രേക്കായി മാറ്റിയിട്ടുള്ളത്.കേവലം ടോയ്‌ലെറ്റ്കൾക്കപ്പുറം മറ്റ് യാതൊരു സൗകര്യങ്ങളും ഇല്ലാതെ തികച്ചും ഇടുങ്ങിയനിലയിൽ ഉള്ള നിർമ്മിതിയാണ് ഇത്.

2024-25 വാർഷികപദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ S0073/25 നമ്പർ അരീക്കര താമരക്കാട് ടേക്ക് എ ബ്രേക്ക് മുറ്റം നിർമ്മാണവും അനുബന്ധപ്രവൃത്തികളും എന്ന പ്രോജക്ട് പ്രകാരം തനത് ഫണ്ട് 92871/രൂപ ചെലവഴിച്ച് ടേക്ക് എ ബ്രേക്കുകളുടെ മുറ്റം ഇന്റർലോക്ക് വിരിക്കൽ ,കൈവരി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമായരീതിയിൽ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും സൂക്ഷിപ്പിനും പ്രവർത്തിപ്പിക്കലിനും കൃത്യമായ ചുമതലക്കാരില്ലാത്ത നിലയിലാണുള്ളത്.

അരീക്കര ടേക്ക് എ ബ്രേക്കിലെ 2 ടോയ്‌ലെറ്റുകൾ പൂട്ടിയിടുകയും ഒന്നിന്റെ താക്കോൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവൃത്തിക്കുന്ന സപ്ളൈകോ ഔട്ട് ലെറ്റിലെ ജീവനക്കാരെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.സമാന അവസ്ഥയാണ് താമരക്കാടും.അടുത്ത കടയിൽ താക്കോൽ ഏല്പിച്ചിരിക്കുന്നു.




ഇപ്രകാരം ശരിയായി പ്രവർത്തിപ്പിക്കുന്നതിനും ,വൃത്തിയാക്കുന്നതിനുമുൾപ്പെടെ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ഇവയുടെ പ്രയോജനം മതിയായ രീതിയിൽ പൊതുജനത്തിന് ലഭ്യമാകുന്നില്ല. നിലവിൽ ഭാഗികമായി ഉപയോഗിക്കുന്നുവെങ്കിലും നിഷ്ക്രിയാവസ്ഥയിലുള്ള നിർമ്മിതികൾ അവയുടെ നിർമ്മാണോദ്ദേശ്യം സാധിക്കുമാറ് പ്രവർത്തിപ്പിച്ച് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### **1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എസ് എസ് കെ വിഹിതം നൽകൽ (പ്രൊജക്ട് നം. SOO30/25)പ്രോജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 100000 രൂപ ബിആർസി അക്കൗണ്ടിലേക്ക് ബിൽ നം. 28/4.07.24

പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 അഗതിരഹിതകേരളം -ബാങ്ക് അക്കൗണ്ടിൽ 7.63 ലക്ഷം ബാക്കിനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിതകേരളം പദ്ധതി നടത്തിപ്പിനായി കേരള ഗ്രാമീൺബാങ്കിൽ ആരംഭിച്ച അക്കൗണ്ട് നം.40600101013153 ൽ 01-05-2025 ൽ 763146/രൂപ ബാക്കി നില്ക്കുന്നുണ്ട്.01-11-23 ലാണ് അവസാനമായി തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് കാലാവധി അവസാനിച്ച സാഹചര്യത്തിൽ പലിശ ഉൾപ്പെടെ ചലഞ്ച് ഫണ്ട് ഇനത്തിലുള്ളതാണ് തുക.കുടുംബശ്രീ ജില്ലാമിഷനിൽനിന്ന് തുടർ നിർദ്ദേശങ്ങൾ ലഭിക്കാത്തസാഹചര്യത്തിലാണ് പണം ഇപ്രകാരം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നത്. തുടർ നിർദ്ദേശങ്ങൾ തേടുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-26 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ.

വി.ഇ.ഒ പുതുവേലി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിവരുന്ന ലൈഫ് ഭവനപദ്ധതി ജനറൽ പ്രോജക്ടിൽ തൻവർഷം 17 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ആയതിൽ 5 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. 12 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് നമ്പർ | കരാറിലേർപ്പെട്ട തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | സ്റ്റേജ് |
|---|---|---|---|---|---|
| 1 | മേരിപോൾ, കളത്തിപ്പറമ്പിൽ | 9 | 12.12.2024 | 200000/- | അടിത്തറ |
| 2 | ബിന്ദു ആന്റണി,ഉറുമ്പനാനിക്കൽ | 12 | 12.12.2024 | 200000/- | അടിത്തറ |
| 3 | എൽസി സജി, കൊണ്ടാടംപടവിൽ | 12 | 1.01.2025 | 200000/- | അടിത്തറ |
| 4 | ബിനോയ് എൻ.കെ , നടുവത്ത്പറമ്പിൽ | 6 | 3.01.2025 | 300000/- | ലിന്റൽ |
| 5 | വി.എം ജോയി , തൊട്ടിയിൽ | 6 | 12.12.2024 | 200000/- | അടിത്തറ |
| 6 | ടിന്റുപോൾ, മുളയിങ്കൽ | 5 | 1.01.2025 | 40000/- | മുൻകൂർ |
| 7 | ലതാമോഹൻ, ചെരുവിൽ | 4 | 12.12.2024 | 300000/- | ലിന്റൽ |
| 8 | അജി എം.കെ ,മുണ്ട്തോട്ടിൽ | 2 | 3.01.2025 | 360000/- | റൂഫ് |
| 9 | അശ്വതി പി ജയൻ, ഒറ്റപ്പനാൽ | 4 | 7.03.2025 | 277200/- | ലിന്റൽ |
| 10 | ഓമനാസുകുമാരൻഇളയാനിതോട്ടത്തിൽ | 6 | 7.03.2025 | 200000/- | അടിത്തറ |
| 11 | റീന , നാഗരത്ത് | 12 | 7.03.2025 | 200000/- | അടിത്തറ |
| 12 | രാധാകൃഷ്ണൻ കെ.എൻ, കൊച്ചുവീട്ടിൽ | 2 | 7.03.2025 | 200000/- | അടിത്തറ |

ഭവന നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്ന 12 ഗുണഭോക്താക്കളിൽ ഒരാൾ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡു മാത്രം കൈപ്പറ്റിയ ആളാണ്. നിർമാണം പൂർത്തികരിക്കാത്ത വിഷയത്തിൽ ഭരണസമിതി ഇടപെടേണ്ടതും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ തുടർനടപടികൾ സ്വികരിക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-27 ഹെൽത്ത് ഗ്രാന്റ് വിനിയോഗം.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ പുതുവേലി, പൂവക്കുളം , വെളിയന്നൂർ, ഉള്ളാടപ്പള്ളി എന്നിവിടങ്ങളിൽ സബ്സെന്ററുകൾ പ്രവർത്തിക്കുന്നു. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് സബ് സെന്ററുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഇനം | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | 2021-22 | സ്കീം 3 -ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 236447 | 236447 | 0 | 100 |
| 2 | 2021-22 | സ്കീം 4-ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | 110000 | 110000 | 0 | 100 |
| 3 | 2022-23 | സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 624000 | 624000 | 0 | 100 |
| 4 | 2022-23 | സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 280000 | 280000 | 0 | 100 |
| 5 | 2023-24 | സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 260000 | 0 | 260000 | 0 |
| 6 | 2023-24 | സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് | 445000 | 0 | 445000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | പ്രവർത്തനങ്ങൾ നടപ്പാക്കൽ | | | | |
| 7 | 2024-25 | സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | 262927 | 0 | 262927 | 0 |
| 8 | 2024-25 | സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (SO) | 446537 | 0 | 446537 | 0 |

2023-24 സാമ്പത്തിക വർഷത്തെ ഫണ്ടുകൾ (സ്കീം 3, സ്കീം 4) വർഷാവസാനമാണ് ലഭ്യമായത്. ആയതുപയോഗിച്ച് പ്രവൃത്തികൾ 2024-25 വർഷം സ്പിൽ ഓവറായി തുടർന്നെങ്കിലും ചെലവ് ചെയ്തിട്ടില്ല. സ്ക്കീം 3 ഫണ്ട് ഉപയോഗിച്ച് ലാബ് റീയേജന്റ്, ലാബ് ഉപകരണങ്ങൾ ,ഇൻഫെക്ഷൻ കൺട്രോൾ സാധനങ്ങൾ,കിറ്റുകൾ,കൺസ്യൂമബിൾസ് എന്നിവ വാങ്ങിയിട്ടുണ്ട്. സ്ക്കീം 4 ഫണ്ട് പ്രധാനമായും സബ്സെന്ററുകൾക്ക് ആവശ്യമുള്ള ഭൗതിക സാഹചര്യം ഒരുക്കുന്നതിനും ഉപകരണങ്ങൾ,മരുന്നുകൾ എന്നിവ വാങ്ങി നൽകുന്നതിനുമാണ് ഉപയോഗിച്ചിട്ടുള്ളത്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറ ബാങ്ക് ഉഴവൂർ ശാഖയിൽ താഴെപ്പറയുംപ്രകാരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042341446 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042341270 |

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. ആരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിട സൗകര്യങ്ങളുള്ളതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള സ്കീം 1 പ്രകാരമുള്ള ഗ്രാന്റ് ലഭ്യമായിട്ടില്ല.
സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്കുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്കുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 ഫണ്ട് ഉപയോഗിച്ചാണ് പരിശീലനം നൽകിയിട്ടുള്ളത്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 4 ഹെൽത്ത് & വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവ എല്ലാ മാസവും നടത്തി വരുന്നു. വാർഷിക ആരോഗ്യ പരിശോധനകളുടെ ഭാഗമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വെൽവുമൺ ക്ലിനിക്, ജീവിത ശൈലി രോഗങ്ങളുടെ പരിശോധന ക്ലിനിക്,

ദീർഘകാലരോഗികളുടെ പരിചരണ – പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ നിശ്ചിത ദിവസങ്ങളിൽ നടത്തുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. സ്റ്റാഫ് നേഴ്സിന്റെ സേവനവും ലഭ്യമാണ്. പുതുവേലി സബ്സെന്റർ നവീകരണം പൂർത്തിയാക്കി.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവ് ഉറപ്പാക്കുന്നതിനുമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-28 ജൽജീവൻമിഷൻ -അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജലജീവൻമിഷൻ.ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥിരമായി ന്യായമായ നിരക്കിൽ ശുദ്ധമായ കുടിവെള്ളം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ നൽകി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ജലജീവൻമിഷൻ ലക്ഷ്യം വയ്ക്കുന്നത്.
എന്നാൽ വെളിയന്നൂർ പഞ്ചായത്ത് ജൽജീവൻമിഷനുമായി ബന്ധപ്പെട്ട് നാളിതുവരെ പ്രോജക്ടുകൾ അംഗീകരിക്കുകയോ തുകകൾ – പഞ്ചായത്ത് വിഹിതം ,ഗുണഭോക്തൃവിഹിതം എന്നിവ വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.
24-06-2023 ലെ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിലെ രേഖപ്പെടുത്തൽ ഗ്രാമപഞ്ചായത്ത് ജൽജീവൻമിഷൻ പദ്ധതിയിൽപ്പെടുത്തി സമ്പൂർണ്ണ വാട്ടർ കണക്ഷൻ ലഭ്യമാക്കൽ പ്രഖ്യാപനം നടത്തിയെന്നാണ്.കൂടാതെ 20-02-23 ലെ 13(1) തീരുമാനപ്രകാരം ജൽജീവൻമിഷൻ തുടർ പ്രവർത്തനങ്ങൾ ;നടത്തിപ്പ്,മെയിന്റനൻസ്,ഗുണഭോക്തൃവിഹിതം പിരിക്കൽ തുടങ്ങിയവ ഉൾപ്പെടെ വാട്ടർ അതോറിട്ടിയെ ചുമതലപ്പെടുത്തിയതായും കാണുന്നു. എന്നാൽ പിന്നീട് പ്രവർത്തനങ്ങൾ നടന്നതിന്റെ വിവരങ്ങൾ ഇല്ല. ജലവിതരണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് - വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക* | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 64000 | 64000 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | ഇല്ല | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | ഇല്ല. | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 07-07-2025, 08-07-2025 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| **വിഹിതം നല്കിയ സ്ഥാപനം** | **പ്രോജക്ടിന്റെ പേര്** | **ലഭിച്ച തുക** | **ചെലവ്** | **ബാക്കി** |
|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 48/25 ലൈഫ് ഭവനപദ്ധതി ജനറൽ | 570701 | 570701 | 0 |
| | 37/25 ബഡ്സ് സ്കൂൾ ടീച്ചർ വേതനം നൽകൽ | 167700 | 167700 | 0 |
| | 29/25 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 200000 | 0 |
| | 62/25, പുതുവേലി മിനി സ്റ്റേഡിയം നവീകരണം | 400000 | 400000 | 0 |
| | 107/25, വെളിയന്നൂർ പഞ്ചായത്ത് പുതുവേലി സ്റ്റേഡിയം-ടോയിലറ്റ് നവീകരണവും അനുബന്ധ പ്രവർത്തനങ്ങളും | 220969 | 220969 | 0 |
| | 34/25, ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ് | 160000 | 160000 | 0 |
| | **ആകെ** | **1719370** | **1719370** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 48/25 ലൈഫ് ഭവനപദ്ധതി ജനറല് | 500000 | 500000 | 0 |

| | | | | |
|---|---|---|---|---|
| | 29/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 160000 | 160000 | 0 |
| | 27/25, അംഗൻവാടി പോഷകാഹാരം | 228857 | 228857 | 0 |
| | 62/25, പുതുവേലി മിനി സ്റ്റേഡിയം നവീകരണം | 497853 | 497853 | 0 |
| | 95/25, പുതുവേലി ഗവൺമെന്റ് ഹൈസ്കൂൾ കഞ്ഞിപ്പുര നിർമ്മാണം | 742292 | 742292 | 0 |
| | 34/25, ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ് | 475203 | 475203 | 0 |
| | 111/25, വെളിയന്നൂർ ബഡ്സ് സ്കൂളിൽ തെറാപ്പി സേവനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും നടപ്പാക്കൽ | 500000 | 500000 | 0 |
| | **ആകെ** | **3104205** | **3104205** | **0** |

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2024-25 ൽ തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി.) | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018 | 1979406 | 740000 | 881021 | 1838385 |

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് പ്രകാരം അവശേഷിക്കുന്ന വായ്പതുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 1778385 എന്നാണ് . 60000 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. വായ്പ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വായ്പാ രജിസ്റ്റർ കൃത്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 4-7 സ്ഥിരനിക്ഷേപം

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വെളിയന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം 2024-25 സാമ്പത്തിക വർഷം പിൻവലിച്ചിട്ടുള്ളതാണ്. 31.3.25 ൽ പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളൊന്നും അവശേഷിക്കുന്നില്ല.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1496104 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1559452 (പലിശ ഉൾപ്പെടെ) |
| ബാക്കി | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

**4-8 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

**4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3.1(15) | 2011-12 | | പ്രവർത്തനാവലോകനം--കാർഷിക പദ്ധതികളും കൃഷിഭവനും | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-1, 2-3 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2-1, 2-2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | ” |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | ” |

**4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)(റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | : | 34,840,754.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | : | 22873326.00 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | | 91,782,601.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | | 88,149,600.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 604512/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 400000 | ശ്രീ. തോമസ് ടി പുൽത്തകിടി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 104512/- | ഡോ. ശ്രീലേഖ ടി. , മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-24 | 100000/ | ശ്രീ. ബോബി തോമസ്, ഹെഡ് മാസ്റ്റർ |
| **ആകെ** | 604512/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി4/ അദാ2022/854/2022/ 04.08.2022 | 4 |
| പ്ലാൻ 1999-00, 2000-01, 2001-02 | എൽ.എഫ്.കെ.പി.4/395/04/12.1.2005 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ2022/1048/2022/04.08.2022 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ.2022/1049/22/ 4.8.22 | 1 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ.2022/1110/22/4.8.22 | 1 |
| 2011-12, 2012-13 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ.2022/1396/22/ 4.8.22 | 1 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി4/ അദാ2022/1705/2022/ 04.08.2022 | 2 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/1000/2023/5.04.25 | 2 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി4/1234/20 തീ.05.11.2020 | 38 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി4/1588/2021/26.07.22 | 8 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി4/853/2022/26.09.22 | 5 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി4/196/2023/07.03.2023 | 11 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി4-1413/23/11.04.2024 | 19 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി4-1848/24/31.01.2025 | 25 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 6(1) dated 19-05-2025 and submitted on 30-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Veliyannoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Veliyannoor Grama Panchayat as on 31-03-2025

**Date: 11/09/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Veliyannoor Grama Panchayat for the Year 2024-2025.**

### 1.Major Observations

1. Details not maintained to make clear the authenticity of Panchayath general fund. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 are provided by authorised register or document.
3. Non Disclosure of Assets-Assets not classified evaluated and accounted-Asset Database is not updated upto 31-03-2025.

### 2.Other Observations

1. Accumulated depreciation of Roads & Bridges exceeded its category asset value as on 31-03-2025 due to the mistakes in calculating depreciation for previous years.
2. Demand registers of various revenue items do not match with Financial statements.
3. Detailed notes on account regarding the adjustment of I-18, I-19 Prior period Expenditure and Prior period income amounts are not available with financial statement
4. KURDFC Loan details shown in AFS do not match with that in loan register.
5. Details regarding redemption amount exemption of Rs.75078 is not available with financial statement.
6. MGNREGS income and expenditure in cash book do not match with the same in the annual financial statement.

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്